✎ ടി.കെ ഉബൈദ്



ഖുർആൻ ബോധനം

# 1154

# സൂറ – 40 / ഗാഫിർ

## സൂക്തം: 51– 55

അതിസങ്കീർണമായ ഒട്ടേറെ പ്രതിബന്ധങ്ങളും പ്രയാസങ്ങളും തരണം ചെയ്ത ശേഷമാണ് മൂസാ(അ)യും അദ്ദേഹത്തിൽ വിശ്വസിച്ച ഇസ്രായീല്യരും വിജയ സൗഭാഗ്യങ്ങളുടെ മേഖലയിലെത്തിയത്. മൂസാക്കും അനുയായികൾക്കും തൗറാത്ത് ലഭിച്ചതുപോലെ മുഹമ്മദ് നബിക്കും മുസ്‌ലിംകൾക്കും ഖുർആൻ ലഭിച്ചിരിക്കുന്നു. നിങ്ങൾ അതിന്റെ വെളിച്ചത്തിൽ ക്ഷമയോടെ, സ്ഥൈര്യത്തോടെ പ്രവർത്തിച്ചുകൊണ്ടിരിക്കണം. എങ്കിൽ അല്ലാഹു നിങ്ങൾക്ക് അതിലും വലിയ വിജയമരുളുന്നതാണ്.

إِنَّا لَنَنصُرُ رُسُلَنَا وَٱلَّذِينَ ءَامَنُوا۟ فِى ٱلْحَيَوٰةِ ٱلدُّنْيَا وَيَوْمَ
يَقُومُ ٱلْأَشْهَـٰدُ ﴿٥١﴾
يَوْمَ لَا يَنفَعُ ٱلظَّـٰلِمِينَ مَعْذِرَتُهُمْ ۖ وَلَهُمُ ٱللَّعْنَةُ وَلَهُمْ سُوٓءُ
ٱلدَّارِ ﴿٥٢﴾

51. നമ്മുടെ ദൂതന്മാരെയും സത്യവിശ്വാസികളെയും നാം സഹായിക്കുക തന്നെ ചെയ്യും; ഭൗതിക ജീവിതത്തിലും സാക്ഷികൾ എഴുന്നേൽക്കുന്ന ദിനത്തിലും.

52. ധർമധിക്കാരികളുടെ ന്യായീകരണങ്ങളൊന്നും ഫലിക്കാത്ത ദിനത്തിൽ അവർ അഭിശപ്തരാകുന്നു. അവർക്കുള്ളത് നികൃഷ്ടമായ പാർപ്പിടമാകുന്നു.

**51,52**

إِنَّا لَنَنصُرُ رُسُلَنَا = ഉറപ്പായും നാം നമ്മുടെ ദൂതന്മാരെ സഹായിക്കുക തന്നെ ചെയ്യും

وَالَّذِينَ آمَنُوا = സത്യവിശ്വാസികളായവരെയും فِي الْحَيَاةِ الدُّنْيَا = ഭൗതിക ജീവിതത്തിൽ

وَيَوْمَ يَقُومُ الْأَشْهَادُ = സാക്ഷികൾ എഴുന്നേൽക്കുന്ന (നിൽക്കുന്ന) ദിനത്തിലും

يَوْمَ لَا يَنفَعُ الظَّالِمِينَ = ധർമധിക്കാരികൾക്കു ഫലിക്കാത്ത ദിനത്തിൽ

مَعْذِرَتُهُمْ = അവരുടെ ഒഴികഴിവുകൾ, ന്യായീകരണങ്ങൾ (ഒന്നും)

وَلَهُمُ اللَّعْنَةُ = അവർ (അഭിശപ്തരാകുന്നു)ക്ക് ശാപമുണ്ട് وَلَهُمْ سُوءُ الدَّارِ = അവർക്കുള്ളത് നികൃഷ്ടമായ പാർപ്പിടവുമാകുന്നു

ഫറവോനി സഭയിലെ സത്യവിശ്വാസിയെ ഫറവോന്റെ അക്രമത്തിൽനിന്ന് അല്ലാഹു കാത്തുരക്ഷിച്ചത് 45-ാം സൂക്തം പരാമർശിച്ചിട്ടുണ്ടല്ലോ. അതിന്റെ അനുബന്ധമായി പറയുകയാണ്: ദൈവദൂതന്മാർക്കും അവരുടെ സത്യപ്രബോധനം സ്വീകരിച്ചു പിന്തുടർന്ന വിശ്വാസികൾക്കും ഈ ലോകത്തും പരലോകത്തും, സഹായവും വിജയവുമരുളുക അല്ലാഹുവിന്റെ സ്ഥിരം നടപടിയാകുന്നു. ഈ വിജയവും സഹായവും ബഹുമുഖമാണ്. എല്ലാ പ്രവാചകന്മാരും വിശ്വാസികളും എല്ലാ വശങ്ങളിലും ഒരുപോലെ വിജയിക്കണമെന്നില്ല. ചിലർ അവരുടെ ഐഹിക ജീവിതത്തിൽ തന്നെ അനേകായിരം ജനങ്ങളാൽ വിശ്വസിക്കപ്പെടുകയും അനുഗമിക്കപ്പെടുകയും ചെയ്യുന്നു. അത്തരം പ്രവാചകന്മാർ തങ്ങളുടെ

അനുയായികളുടെ നേതാവും ജേതാവുമായി വാണുകൊണ്ട് കൂടുതൽ കൂടുതൽ പ്രദേശങ്ങളിൽ ധർമം സംസ്ഥാപിച്ചു മുന്നേറിക്കൊണ്ടിരിക്കും. ദാവൂദ്, സുലൈമാൻ, മുഹമ്മദ് (സ) തുടങ്ങിയ പ്രവാചകന്മാർ ഉദാഹരണങ്ങളാണ്. ചില ദൈവദൂതന്മാർ മരിച്ച ശേഷമായിരിക്കും അവരുടെ ശിഷ്യന്മാർ വർധിക്കുന്നതും സുശക്തവും സുസ്ഥിരവുമായ സമുദായമായിത്തീരുന്നതും. ഉദാഹരണം ഈസാ-മൂസാ പ്രവാചകന്മാർ. ചില ദൈവദൂതന്മാർ അവരുടെ സമുദായങ്ങളിൽ പൂർണമായി തിരസ്കൃതരാകുന്നു. പ്രവാചക സന്ദേശത്തിന് ഒട്ടും ചെവികൊടുക്കാതെ സത്യനിഷേധത്തിന്റെയും ധർമ ധിക്കാരത്തിന്റെയും പാതയിൽ ചരിക്കുന്ന സമൂഹങ്ങളെ ഭൂമിയിൽനിന്ന് ഉന്മൂലനം ചെയ്തുകൊണ്ടാണ് ചിലപ്പോൾ അല്ലാഹു ദൈവദൂതന്മാരെ സഹായിക്കുന്നത്. ഉദാ: സ്വാലിഹ്, ഹൂദ് ശുഐബ് പ്രവാചകന്മാർ. അവരെ തള്ളിപ്പറയുകയും അവരിൽ വിശ്വസിച്ചവരെ ദ്രോഹിക്കുകയും ചെയ്ത സമൂഹങ്ങളെ അല്ലാഹു നശിപ്പിച്ചു കളഞ്ഞപ്പോൾ ആ പ്രവാചകവര്യന്മാരെയും ശിഷ്യന്മാരെയും രക്ഷിക്കുകയും അവരിലൂടെ പുതിയ സമൂഹങ്ങളെ ഉയർത്തിക്കൊണ്ടു വരികയും ചെയ്തു. ഇതെപ്പറ്റി, വരുന്ന 77-ാം സൂക്തം ഇപ്രകാരം ഉണർത്തുന്നുണ്ട്:

فَاصْبِرْ إِنَّ وَعْدَ اللَّهِ حَقٌّ فَإِمَّا نُرِيَنَّكَ بَعْضَ الَّذِي نَعِدُهُمْ أَوْ نَتَوَفَّيَنَّكَ فَإِلَيْنَا يُرْجَعُونَ ﴿٧٧﴾

(പ്രവാചകാ, നാം അവർക്ക് വാഗ്ദാനം ചെയ്യുന്ന ചിലത് ഭൗതിക ജീവിതത്തിൽ തന്നെ നിന്നെ കാണിച്ചു തന്നേക്കാം. അല്ലെങ്കിൽ അതിനു മുന്നേ നാം നിന്റെ ജീവിതം പൂർത്തിയാക്കിയെന്നും വരാം. എന്നാലും എല്ലാവരും തിരിച്ചെത്തുന്നത് നമ്മിലേക്കു തന്നെയാകുന്നു.) എല്ലാവരും പരലോകം പൂകിയ ശേഷം സകല ദൈവ ദൂതന്മാർക്കും വിശ്വാസികൾക്കും അല്ലാഹുവിങ്കൽ നിന്നുണ്ടാകുന്ന സഹായവും വിജയവും സർവതോമുഖമായിരിക്കും; ശാശ്വതവും. ചില വ്യാഖ്യാതാക്കളുടെ വീക്ഷണം അല്ലാഹു ഇവിടെ സഹായം വാഗ്ദാനം ചെയ്യുന്നത് മുർസലുകൾക്ക് -رسلنا- മാത്രമാകുന്നു. സാധാരണ പ്രവാചകന്മാരിൽ -انبياء- ചിലരുടെ പ്രബോധനം സമൂഹത്തിൽ ഒട്ടും വിജയിച്ചില്ലെന്നും വരാം. മുർസലുകളുടെ പ്രബോധനം തിരസ്കരിക്കപ്പെട്ടാൽ പ്രബോധിതരുടെ നാശം സുനിശ്ചിതമാണ്. മറ്റു ചിലർ പറയുന്നു: അല്ലാഹു എല്ലാ അമ്പിയാ മുർസലുകൾക്കും സഹായം വാഗ്ദാനം ചെയ്തിരിക്കുന്നു. എല്ലാവർക്കും അതു ലഭിക്കുകയും ചെയ്യും. അതിനു പക്ഷെ പ്രവാചകന്മാരും അവരുടെ വിശ്വാസികളും പാലിക്കേണ്ട ചില ഉപാധികൾ -شروط- ഉണ്ട്. ഈ ഉപാധികൾ പാലിക്കുന്നതിൽ ഏതെങ്കിലും ഭാഗത്ത് വീഴ്ചയുണ്ടായാൽ ദൈവസഹായം അകന്നുപോകും. ഉപാധികളിൽ പ്രധാനമായ ഒന്നാണ് പരീക്ഷണങ്ങൾ ക്ഷമയോടെ, സ്ഥൈര്യത്തോടെ നേരിടുക എന്നത്. أَحَسِبَ النَّاسُ أَن يُتْرَكُوا أَن يَقُولُوا آمَنَّا وَهُمْ لَا يُفْتَنُونَ (ഞങ്ങൾ വിശ്വസിച്ചു എന്നു പറഞ്ഞതുകൊണ്ട് മാത്രം പരീക്ഷിക്കപ്പെടാതെ വിട്ടയക്കപ്പെടുമെന്ന് ആളുകൾ കരുതുന്നുവോ -29:2). സത്യവിശ്വാസികൾ എവിടെയെങ്കിലും പരാജയപ്പെടുന്നുവെങ്കിൽ അത് അല്ലാഹു സഹായിക്കാത്തതുകൊണ്ടല്ല, അല്ലാഹുവിന്റെ സഹായം സ്വീകരിക്കാൻ അവർ യോഗ്യരാവാത്തതുകൊണ്ടാണ്.

يَوْمَ يَقُومُ الْأَشْهَادُ ഉയിർത്തെഴുന്നേൽപു നാളാണ്; പരലോക ജീവിതത്തിന്റെ തുടക്കം. شاهد (സാക്ഷി)ന്റെ ബഹുവചനമാണ് اشهاد. വിചാരണാ സഭയിൽ ഓരോ വ്യക്തിയും ഹാജരാക്കപ്പെടുന്നത് അയാളുടെ കർമ ജീവിതം സമ്പൂർണമായി നിരീക്ഷിച്ച് രേഖപ്പെടുത്തിയ മലക്കുകൾക്കും, അവരെ പ്രബോധനം ചെയ്ത പ്രവാചകന്മാർക്കും ഒപ്പമായിരിക്കും. അവരാണ് ഇവിടെ സൂചിപ്പിക്കുന്ന أَشْهَاد. അവർ നൽകുന്ന മൊഴികളെല്ലാം ദൈവഭക്തന്മാർക്കും വിശ്വാസികൾക്കും അനുകൂലവും ദൈവധിക്കാരികൾക്ക് പ്രതികൂലവുമായിരിക്കും. ഈ അനുകൂല സാക്ഷ്യവും അല്ലാഹുവിന്റെ സഹായ വാഗ്ദാനത്തിന്റെ സഫലീകരണമാകുന്നു. തികഞ്ഞ സത്യസന്ധരായ സാക്ഷികളുടെ മൊഴികൾക്കു മുമ്പിൽ, ഭൗതിക ലോകത്ത് ധർമധിക്കാരമനുവർത്തിച്ചവർ നിരത്തുന്ന ന്യായീകരണങ്ങളോ ഒഴികഴിവുകളോ ക്ഷമാപണമോ ഒന്നും ഒരു ഗുണവും ചെയ്യില്ല. ന്യായീകരണവും ഒഴികഴിവ് ബോധിപ്പിക്കലും ക്ഷമാപണവുമാണ് مَعْذِرَة. ന്യായീകരണത്തിനും ക്ഷമാപണത്തിനും അല്ലാഹുവിൽനിന്നും മലക്കുകളിൽനിന്നും ലഭിക്കുന്ന മറുപടി ഭർത്സനവും അവരുടെ കർമഫലമായ കൊടും നരകവുമായിരിക്കും. നികൃഷ്ടമായ പാർപ്പിടം - سُوءُ الدَّارِ- മഹാ നരകമാണ്. ●

---

وَلَقَدْ ءَاتَيْنَا مُوسَى ٱلْهُدَىٰ وَأَوْرَثْنَا بَنِىٓ إِسْرَٰٓءِيلَ ٱلْكِتَٰبَ ﴿٥٣﴾
هُدًى وَذِكْرَىٰ لِأُو۟لِى ٱلْأَلْبَٰبِ ﴿٥٤﴾

53. മൂസാക്കു നാം സന്മാർഗദർശനമരുളിയിട്ടുണ്ടായിരുന്നു. ഇസ്രായീൽ വംശത്തെ വേദാവകാശികളുമാക്കി.

54. സദ്ബുദ്ധിയുള്ളവർക്ക് അത് മാർഗദർശകവും അനുസ്മരണവുമായിരുന്നു.

**53,54**

وَلَقَدْ آتَيْنَا مُوسَى الْهُدَىٰ = തീർച്ചയായും മൂസാക്കു നാം സന്മാർഗദർശനമരുളിയിട്ടുണ്ടായിരുന്നു

وَأَوْرَثْنَا بَنِي إِسْرَائِيلَ الْكِتَابَ = ഇസ്രായീൽ വംശത്തെ നാം വേദാവകാശികളുമാക്കി

هُدًى وَذِكْرَىٰ = (അത്) മാർഗദർശകവും അനുസ്മരണവുമായി(രുന്നു)ട്ട്

لِأُولِي الْأَلْبَابِ = (സദ്) ബുദ്ധിയുള്ളവർക്ക്

അല്ലാഹു ദൈവദൂതന്മാരെ സഹായിക്കുകയും വിജയിപ്പിക്കുകയും ചെയ്യുന്ന രീതി വ്യക്തമാക്കുകയാണ്. ഉഗ്രപ്രതാപികളായി വാണ ഫറവോനികളെ സമുദ്രത്തിൽ മുക്കി നശിപ്പിച്ചപ്പോൾ മൂസാ നബിക്കും ഇസ്രായീല്യർക്കും തൗറാത്തു നൽകുകയായിരുന്നു. الْهُدَىٰ കൊണ്ട് വിവക്ഷിക്കുന്നത് തൗറാത്തിനെയാണ്. പ്രവാചകത്വവും തുടർന്നുണ്ടായ എല്ലാ ദിവ്യ ബോധനങ്ങളും الْهُدَىٰ-സന്മാർഗ ദർശനം തന്നെയാണ്. തൗറാത്താണ് ഇസ്രായീല്യരെ അടിമത്തത്തിൽനിന്ന് മോചിപ്പിച്ച ശേഷം നൽകിയ സവിശേഷ മാർഗദർശനം. ദൈവികമായ ധർമസംഹിതയാണത്. വിശിഷ്ടമായ സമൂഹവും സ്വയം നിർണയാവകാശമുള്ള രാഷ്ട്രവും നിർമിച്ചു നിലനിർത്താനാവശ്യമായ നൈതിക തത്വങ്ങളും നിയമനിർദേശങ്ങളും ധർമോപദേശങ്ങളും അതുൾക്കൊണ്ടിരുന്നു. അതവർക്ക് ആത്മവിശ്വാസവും സ്വാതന്ത്ര്യവാഞ്ഛയും ധാർമിക ധൈര്യവും പകർന്നുകൊടുത്തു. മൂസാ നബിക്കു ശേഷം ഇസ്രായീൽ സമുദായത്തെ ആ വേദ ഗ്രന്ഥത്തിന്റെ വാഹകരും അവകാശികളുമായി നിയോഗിച്ചു. അതിന്റെ വെളിച്ചത്തിൽ അവർ അന്തസ്സുറ്റ വിശിഷ്ട സമൂഹവും രാഷ്ട്രവുമായി വളർന്നു. هُدًى وَذِكْرَىٰ-യിലെ هدى-യുടെ താൽപര്യം മേൽപറഞ്ഞ വിധത്തിലുള്ള ഒരു വിശിഷ്ട സമുദായത്തിന്റെ നിർമിതിയിലേക്കു മാർഗദർശനം ചെയ്യുന്നത് എന്നാണ്. മനുഷ്യൻ പ്രകൃത്യാ അല്ലാഹുവുമായി ചെയ്തിട്ടുള്ളതായി 7:172 പ്രസ്താവിക്കുന്ന കരാറിന്റെ അനുസ്മരണമാണ് ذِكْرَىٰ സൂചിപ്പിക്കുന്നത്. ●

---

فَاصْبِرْ إِنَّ وَعْدَ اللَّهِ حَقٌّ وَاسْتَغْفِرْ لِذَنبِكَ وَسَبِّحْ بِحَمْدِ رَبِّكَ بِالْعَشِيِّ وَالْإِبْكَارِ ﴿٥٥﴾

55. ആകയാൽ പ്രവാചകൻ ക്ഷമയോടെ നിലകൊള്ളുക. അല്ലാഹുവിന്റെ വാഗ്ദാനം ഉറപ്പായും സത്യമാകുന്നു. നിന്റെ തെറ്റുകൾക്ക് മാപ്പിരക്കുക. രാവിലെയും വൈകുന്നേരവും നാഥന്റെ സ്തുതി സങ്കീർത്തനം ചെയ്തുകൊണ്ടിരിക്കുക.

**55**

فَاصْبِرْ = ആകയാൽ നീ (പ്രവാചകൻ) ക്ഷമയോടെ നിലകൊള്ളുക إِنَّ وَعْدَ اللَّهِ = ഉറപ്പായും അല്ലാഹുവിന്റെ വാഗ്ദാനം
حَقٌّ = സത്യമാകുന്നു وَاسْتَغْفِرْ = നീ മാപ്പിരക്കുക لِذَنبِكَ = നിന്റെ തെറ്റിന് (റ്റുകൾക്ക്)
وَسَبِّحْ بِحَمْدِ رَبِّكَ = നിന്റെ നാഥന്റെ സ്തുതികൊണ്ട് വാഴ്ത്തുക(സ്തുതി സങ്കീർത്തനം ചെയ്തുകൊണ്ടിരിക്കുക)
بِالْعَشِيِّ وَالْإِبْكَارِ = രാവിലെയും വൈകുന്നേരവും

അതിസങ്കീർണമായ ഒട്ടേറെ പ്രതിബന്ധങ്ങളും പ്രയാസങ്ങളും തരണം ചെയ്ത ശേഷമാണ് മൂസാ(അ)യും അദ്ദേഹത്തിൽ വിശ്വസിച്ച ഇസ്രായീല്യരും വിജയസൗഭാഗ്യങ്ങളുടെ മേഖലയിലെത്തിയത്. മൂസാക്കും അനുയായികൾക്കും തൗറാത്ത് ലഭിച്ചതുപോലെ മുഹമ്മദ് നബിക്കും മുസ്‌ലിംകൾക്കും ഖുർആൻ ലഭിച്ചിരിക്കുന്നു. നിങ്ങൾ അതിന്റെ വെളിച്ചത്തിൽ ക്ഷമയോടെ, സ്ഥൈര്യത്തോടെ പ്രവർത്തിച്ചുകൊണ്ടിരിക്കണം. എങ്കിൽ അല്ലാഹു നിങ്ങൾക്ക് അതിലും വലിയ വിജയമരുളുന്നതാണ്. അല്ലാഹുവിന്റെ വാക്കാണിത്. അല്ലാഹുവിന്റെ വാഗ്ദാനം തികച്ചും സത്യമായി പുലരുന്നതാണ്. അതിൽ ഒരു സംശയവും വേണ്ട. പക്ഷേ, അവന്റെ വാഗ്ദാനം നിറവേറ്റപ്പെടുന്നതിന് യോഗ്യതയുള്ളവരായി നിങ്ങൾ വർത്തിക്കണം. ദേഹം കൊണ്ടും ധനംകൊണ്ടും ജിഹാദ് ചെയ്യാൻ സന്നദ്ധരാകണം. ആ മാർഗത്തിൽ സംഭവിക്കുന്ന വീഴ്ചകൾ പരിഹരിക്കണം, തെറ്റുകൾക്ക് അല്ലാഹുവിനോട് മാപ്പിരക്കണം. രാവിലെയും വൈകീട്ടും-രാപ്പകൽ- അല്ലാഹുവിന്റെ മഹത്വവും വിശുദ്ധിയും പ്രകീർത്തനം ചെയ്തുകൊണ്ടിരിക്കണം. വിത്തബലവും കായബലവും ത്യാഗസന്നദ്ധതയും സമരവീര്യവുമൊക്കെ ഇസ്‌ലാമിക പ്രബോധകന് ആവശ്യമാണ്. പക്ഷേ, ഈ ഗുണങ്ങൾ മാത്രം പ്രബോധകനെ ലക്ഷ്യത്തിലെത്തിക്കുകയില്ല. ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ഏതു യാത്രയുടെയും പ്രഥമ പാഥേയം തഖ്‌വയാകുന്നു. ان خير الزّاد التقوى ഏറ്റം വിശിഷ്ടമായ പാഥേയം തഖ്‌വയത്രെ. തഖ്‌വയുടെ -അല്ലാഹുവിനോടുള്ള ഭക്തിയുടെയും വിധേയത്വത്തിന്റെയും- കേന്ദ്രം മനസ്സാണ്. മനസ്സിലുള്ള തഖ്‌വയുടെ സ്പന്ദനമാണ് തസ്ബീഹും തഹ്മീദും ഇസ്തിഗ്ഫാറും (അല്ലാഹുവിന്റെ മഹത്വവും പരിശുദ്ധിയും പ്രകീർത്തിക്കലും പാപമോചനം തേടലും). സ്വലാത്ത് (നമസ്കാരം) അതിന്റെ പ്രകാശനമാണ്. അതാണ് استعينوا بالصبر والصلاة- സഹനം കൊണ്ടും നമസ്കാരം കൊണ്ടും ദൈവസഹായം തേടുവിൻ എന്ന് ഖുർആൻ ആവർത്തിച്ചുപദേശിക്കുന്നതിന്റെ പൊരുൾ. സമരവും (ജിഹാദ്) പ്രബോധനവും (ദഅ്വഃ) മഹത്തായ കാര്യങ്ങളാണ്. അതിന്റെ തിരക്കുകളിൽ മുഴുകുമ്പോൾ തസ്ബീഹും തഹ്മീദും സ്വലാത്തുമൊക്കെ മാറ്റിവെക്കാം എന്നു തോന്നുന്നുവെങ്കിൽ അത് ഗുരുതരമായ അബദ്ധമാകുന്നു. എന്തിനാണോ ജിഹാദും ദഅ്വയും ചെയ്യുന്നത് ആ ലക്ഷ്യത്തിന്റെ നിഷേധവും ദൈവസഹായം

**മലയാളി ഇസ്‌ലാമിനെ വായിച്ച ഏഴ് പതിറ്റാണ്ട്**

**പ്രബോധനം**

ഐ.എസ്.ടി ബില്‍ഡിംഗ്,
വെള്ളിമാട്കുന്ന്, കോഴിക്കോട് – 12

Manager: 0495 2730073
Circulation: 0495 2730744
Accounts: 0495 2732888
Whatsapp: 9544060886
(Circulation)

circulationprabodhanam@gmail.com
managerprabodhanamclt@gmail.com
acprabodhanam@gmail.com

**വരിസംഖ്യ**

| | |
|---|---|
| 2 വര്‍ഷം | 1200 |
| 1 വര്‍ഷം | 600 |
| 6 മാസം | 300 |

**Beneficiary:**
**Prabodhanam Weekly**
**Federal Bank - Nadakavu Branch**
**Current A/C No.**
**13000200015019**
**IFSC Code: FDRL0001300**

**ഗൂഗ്ള്‍ പേ/നെഫ്റ്റ് ചെയ്യുന്നവര്‍ ഏജന്‍സി കോഡ്/ സബ് നമ്പര്‍ എന്നിവ റിമാര്‍ക്സില്‍ രേഖപ്പെടുത്തേണ്ടതാണ്. ബാങ്കില്‍ പണമടക്കുന്നവര്‍ ഏജന്‍സി നമ്പറും പേരും/ഹല്‍ഖയുടെ കോഡും പേരും, സബ്സ്ക്രൈബറാണെങ്കില്‍ സബ്സ്ക്രിപ്ഷന്‍ നമ്പറും പേരും എഴുതേണ്ടതാണ്. അഡ്രസ്സും ഫോണ്‍ നമ്പറും ട്രാന്‍സ്ഫര്‍ സ്ക്രീന്‍ ഷോര്‍ട്ടും മെയില്‍/ വാട്ട്സ്ആപ്പ് ചെയ്യേണ്ടതാണ്.**

**+91 8547273767**

ലഭിക്കുന്നതിനുള്ള നിബന്ധനയുടെ ലംഘനവുമാണത്.

കുറ്റങ്ങള്‍ക്ക് മാപ്പ് തേടുക എന്ന പ്രവാചകനോടുള്ള കല്‍പനയുടെ സൂചന പ്രവാചകന്‍ കുറ്റം ചെയ്യാറുണ്ടെന്നല്ലേ? പ്രവാചകന്മാര്‍ പാപം ചെയ്യുന്നതില്‍നിന്ന് അല്ലാഹുവിനാല്‍ സംരക്ഷിക്കപ്പെടുന്നവരും അപ്രമാദിത്വമുള്ളവരുമാണെന്ന വിശ്വാസവുമായി ഇതെങ്ങനെ പൊരുത്തപ്പെടും? പണ്ഡിതന്മാര്‍ ഇതിനെ പല രീതിയില്‍ വിശദീകരിച്ചിരിക്കുന്നു. 1) നേരത്തെ സൂചിപ്പിച്ചതുപോലെ തഖ്‌വയുടെ സ്പന്ദനത്തില്‍ പെട്ടതാണ് പാപമോചന പ്രാര്‍ഥന- استغفار. ജീവിയില്‍ ഹൃദയം സ്പന്ദിക്കുന്നതുപോലെ മുത്തഖിയില്‍ തഖ്‌വ സ്പന്ദിച്ചുകൊണ്ടിരിക്കും. അതിനു ബോധപൂര്‍വം പാപം ചെയ്തിരിക്കണമെന്നില്ല.

പ്രവാചകന്‍ തഖ്‌വയുള്ളവനാകണം -ياايّها النبي اتّق الله- എന്ന് ഖുര്‍ആന്‍ നബിയോട് കല്‍പിക്കുന്നുണ്ട്. അതിനു മുമ്പ് പ്രവാചകന്‍ തഖ്‌വയില്ലാത്തവനായിരുന്നു എന്ന അര്‍ഥത്തിലല്ല അത്. തഖ്‌വയുടെ മഹത്വവും പ്രാധാന്യവും വിശ്വാസികളെ ഉണര്‍ത്തുകയാണ് പ്രവാചകനോട് തഖ്‌വ കല്‍പിക്കുന്നതിലൂടെ ചെയ്യുന്നത്. പാപമോചന പ്രാര്‍ഥനയുടെ പ്രാധാന്യം വിശ്വാസികളെ- പ്രബോധന പ്രവര്‍ത്തകരെ വിശേഷിച്ചും- ഉണര്‍ത്തുകയാണ് പ്രവാചകനോട് പാപമോചനമര്‍ഥിക്കാന്‍ കല്‍പിക്കുന്നതിലൂടെ. മുഹമ്മദ് (സ)ന്റെ പൂര്‍വകാല പാപങ്ങളും പില്‍ക്കാല പാപങ്ങളും അല്ലാഹു പൊറുത്തുകൊടുക്കുന്നതായി 48:2 പ്രസ്താവിച്ചിട്ടുണ്ട്. പൂര്‍വകാലത്തും പില്‍ക്കാലത്തുമുണ്ടാകുന്ന പാപങ്ങളെല്ലാം അല്ലാഹു പൊറുത്തുകൊടുക്കുമെന്നിരിക്കെ പ്രവാചകന്‍ ഇത്രയേറെ ഇബാദത്തുകള്‍ ചെയ്യുകയും പാപമോചന പ്രാര്‍ഥന നടത്തുകയും ചെയ്യുന്നതെന്തിന് എന്ന് ശിഷ്യന്മാര്‍ ആരാഞ്ഞപ്പോള്‍ മറുപടി ഇങ്ങനെയായിരുന്നു: أفلا اكون عبدا شكورا–'ഞാന്‍ നല്ല നന്ദിയുള്ള ദൈവദാസനായിരിക്കേണ്ടയോ?'

2) അറിയാതെയോ അബദ്ധത്തിലോ വീഴ്ചകള്‍ സംഭവിക്കുക മനുഷ്യ സഹജമാണ്. പ്രവാചകന്മാരും ഈ ദൗര്‍ബല്യത്തില്‍നിന്നു പൂര്‍ണമുക്തരല്ല. മുഹമ്മദ് നബി ഉള്‍പ്പെടെയുള്ള എല്ലാ പ്രവാചകന്മാരിലും അതു സംഭവിച്ചിട്ടുണ്ട്. ബോധപൂര്‍വം വന്‍ കുറ്റങ്ങള്‍ ചെയ്യുന്നതില്‍നിന്നുള്ള സംരക്ഷണമാണ് പ്രവാചകന്മാരുടെ പാപസുരക്ഷിതത്വം -عصمة-. പ്രവാചകന്മാര്‍ക്ക് സംഭവിക്കുന്ന വീഴ്ച ദീനിനെയോ അതിന്റെ പ്രബോധനത്തെയോ ബാധിക്കുന്നതാണെങ്കില്‍ ഉടനെ അല്ലാഹു അതു തിരുത്തിക്കൊടുക്കുന്നു. നബി(സ)ക്ക് സംഭവിച്ച ചില പിഴവുകള്‍ അല്ലാഹു തിരുത്തിയതിന്റെ ഉദാഹരണങ്ങള്‍ ഖുര്‍ആനില്‍ കാണാം. ഒരിക്കല്‍ നബി(സ) ഖുറൈശികളിലെ ചില പ്രമാണിമാര്‍ക്ക് ഇസ്‌ലാമിനെ പരിചയപ്പെടുത്തുകയായിരുന്നു. അപ്പോള്‍ അബ്ദുല്ലാഹിബ്നു ഉമ്മിമക്തൂം എന്ന ഒരന്ധന്‍ ദീന്‍ പഠിക്കാനുള്ള താല്‍പര്യത്തോടെ പ്രവാചകനെ സമീപിച്ചു. ആ സന്ദര്‍ഭത്തില്‍ അദ്ദേഹത്തിന്റെ ആഗമനം പ്രവാചകനു രസിച്ചില്ല. അദ്ദേഹം നെറ്റിചുളിച്ച് മുഖം തിരിച്ചുകൊണ്ട് ആഗതനെ അവഗണിച്ചു. സൂറ 'അബസ'യിലെ ആദ്യത്തെ നാലു സൂക്തങ്ങള്‍ പ്രവാചകന്റെ ഈ നടപടിയെ വിമര്‍ശിച്ചുകൊണ്ടുള്ളതാണ്. ഒരിക്കല്‍ ഒരു ഇസ്‌ലാം വിരുദ്ധ സമൂഹം മദീനയെ ആക്രമിക്കാന്‍ പുറപ്പെടുന്നതായി പ്രവാചകന് അറിവുകിട്ടി. ശത്രുക്കള്‍ മദീനയിലെത്തുന്നതിനു മുമ്പ് അവരെ അങ്ങോട്ട് ചെന്ന് പ്രതിരോധിക്കാന്‍ പ്രവാചകന്‍ സൈന്യം സജ്ജീകരിക്കുകയായിരുന്നു. ചില ആളുകള്‍ ആ സന്ദര്‍ഭത്തില്‍ യുദ്ധത്തിനു പുറപ്പെടുന്നത് തീരെ ഇഷ്ടപ്പെട്ടില്ല. അവര്‍ വ്യാജമായ ഓരോ ഒഴികഴിവ് ബോധിപ്പിച്ചു സൈനിക സേവനത്തില്‍നിന്ന് വിടുതലിന് അപേക്ഷിച്ചു. അവരുടെ കാര്യത്തില്‍ സംശയമുണ്ടായിരുന്നുവെങ്കിലും അവര്‍ പറയുന്ന ഒഴികഴിവുകള്‍ സത്യമാണെങ്കിലോ എന്ന് കരുതി നബി(സ) അവര്‍ക്ക് വിടുതല്‍ നല്‍കി. അതൊരു ശരിയായ നടപടിയായിരുന്നില്ല. ഖുര്‍ആന്‍ 9:43-ല്‍ അതെക്കുറിച്ചു പറഞ്ഞു: عَفَا اللَّهُ عَنكَ لِمَ أَذِنتَ لَهُمْ –'അല്ലാഹു നിനക്ക് മാപ്പു തന്നിരിക്കുന്നു. നീ എന്തിനാണവര്‍ക്ക് വിടുതല്‍ നല്‍കിയത്?' ഇത്തരം വീഴ്ചകളില്‍നിന്നുള്ള മാപ്പിരക്കലാണ് ഇവിടെ കല്‍പിക്കുന്ന استغفار. ●